എം3-1465/2020

ജില്ലാ കളക്ടർ

കളക്ടറേറ്റ്, ആലപ്പുഴ-688001
തീയതി. 31/12/2020
ഫോൺ - 0477 2251676
ഫാക്സ് - 0477 2251720
E-mail – dcalp.ker@nic.in
Website - www.alappuzha.nic.i

സ്വീകർത്താവ്

ജില്ലാ ഇൻഫർമേഷൻഓഫിസർ,
ആലപ്പുഴ

സർ,

വിഷയം- "-പൊതുജനങ്ങളുടെ പരാതികളും, അപേക്ഷകളും അതിവേഗത്തിലും ജനസൗഹാർദ്ദപരമായും തീർപ്പാക്കുന്നതിന് ജില്ലാ കളക്ടറുടെ പരാതി പരിഹാര അദാലത്ത് -സംബന്ധിച്ച്

സൂചന-(1)1.സ.ഉ (കൈയെഴുത്ത്) നം362/2017/റവ, തീയതി.26/10/2017 നം ഉത്തരവ്

2. കളക്ടറുടെ പരാതിപരിഹാര അദാലത്ത് ഓൺ -ലൈൻ ആയി നടത്തുന്നതിനുള്ള സർക്കാർ നിർദേശം

സൂചനനിർദ്ദേശപ്രകാരം പൊതുജനങ്ങളുടെ പരാതികൾ അതിവേഗത്തിലും ജനസൗഹാർദ്ദപരമായും തീർപ്പാക്കുന്നതിന് ചെങ്ങന്നൂർ താലൂക്കിലെ "ജില്ലാ കളക്ടറുടെ പൊതുജന പരാതിപരിഹാര അദാലത്ത്" ഓൺ -ലൈൻ ( E-Thapal) ആയി 18/01/2021-ാം തീയതി വിഡിയോ കോൺഫറൻസ് വഴിനടത്തുന്നു. ചെങ്ങന്നൂർ താലൂക്കിലെ വിവിധ സർക്കാർ കാര്യാലയങ്ങളിൽ അപേക്ഷ നൽകിയിട്ടും പരിഹരിക്കാതിരിക്കുകയൊ അകാരണമായി നിരസിക്കുകയൊ ചെയ്തിട്ടുണ്ടെങ്കിൽ അവ സംബന്ധമായ പരാതികൾ ടി അദാലത്തിൽ പരിഗണിക്കുന്നതിനായി 01/01/2021 മുതൽ 07/01/2021 -ാം തീയതിവരെ ചെങ്ങന്നൂർ താലൂക്കിലെ അക്ഷയ സെൻറർ വഴി സമർപ്പിക്കാവുന്നതാണ്. അക്ഷയ സെൻറർ വഴി ലഭിക്കുന്ന പരാതികൾ മാത്രമേ അദാലത്തിൽ പരിഗണിക്കുകയുള്ളു. നടപടി ക്രമങ്ങൾ പാലിച്ച് തീർപ്പാക്കേണ്ട വഴിതർക്കം, എൽ.ആർ.എം.കേസുൾ, ഭൂമിയുടെ തരംമാറ്റം/പരിവർത്തനം, ലൈഫ്, പ്രളയം സംബന്ധമായ പരാതി എന്നിവ അദാലത്തിൽ പരിഗണിക്കുന്നതല്ല. താങ്കൾ ടി പ്രോഗ്രാമിന് ആവശ്യമായ പ്രചരണം പത്ര,ദൃശ്യ മാധ്യമങ്ങൾ വഴി നൽകുന്നതിനും പ്രോഗ്രം വിജയിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ജില്ലാ കളക്ടർക്ക് വേണ്ടി
ഡെപ്യൂട്ടികളക്ടർ(ജനറൽ)

പകർപ്പ്.1. ആർ.ഡി.ഒ.ചെങ്ങന്നൂർ
2.തഹസിൽദാർ, ചെങ്ങന്നൂർ
3.NIC,ആലപ്പുഴ
4.ജില്ലാ കോഡിനേറ്റർ ,അക്ഷയ ആലപ്പുഴ